കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.9/234/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
തിയ്യതി 10/03/2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്- പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

കെ.എസ്.എ.എം.പി.എം.9/234/2020

തിയ്യതി: -10/03/2020

<u>മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.09.2018 മുതൽ 30.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :20.1.2020 മുതൽ 30.1.2020 വരെ

എ) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| 1.ശ്രീ.ഉണ്ണി.പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2.ശ്രീ. സന്തോഷ്.പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3.ശ്രീമതി.ലത.ഒ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4.ശ്രീ.അബ്ദുൽ അലി.കുന്നൻ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എൻ.എം.കോയ മാസ്റ്റർ | 01.04.2018 മുതൽ 31.03.19വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ഗീത.പി (ഇൻ ചാർജ് ) | 01.04.2018 മുതൽ 14.06.2018 വരെ |
| ശ്രീ.ഷാനിർ.കെ | 15.06.2018 മുതൽ 28.06.2018 വരെ |
| ശ്രീ.ജയറാം നായ്ക്കൻ | 29.06.2018 മുതൽ 31.03.19 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗീത.പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അലി ഫൈസൽ.കെ.ടി | 01.04.2018 മുതൽ 03.09.2018 വരെ |
| | ഒഴിവ് | 04.09.2018 മുതൽ 10.09.2018 വരെ |
| | ശ്രീമതി.നവ്യ.എ.പി | 11.09.2018 മുതൽ 05.11.2018 FN വരെ |
| | ശ്രീ.എൽദോ തോമസ്. | 05.11.2018AN മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഞ്ജു. | 01.04.2017 മുതൽ 31.05.2018 വരെ |
| | ഡോ.സ്മിത.എസ്. | 01.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ജയനാരായണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജിഷിലി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹാരിസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ശ്രീജ. | 01.08.2018 മുതൽ 31.03.2019 വരെ (01.04.2018 മുതൽ 31.07.2018 വരെ ഒഴിവ് ) |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആമിന.ബി. | 01.04.2018 മുതൽ 26.08.2018 വരെ |
| | ശ്രീമതി.സുജാത മണിയിൽ | 27.08.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ആഷിഖ് | 01.04.2018 മുതൽ 02.08.2018 വരെ |
| | ശ്രീമതി.സുധ | 03.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.നൗഷാദ്.പി.എം | 01.04.2018 മുതൽ 13.11.2018FN വരെ |
| | ശ്രീ.മുജീബ് റഹ്മാൻ. | 13.11.2018AN മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-3 | |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| | | | |

| | | | |
|---|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | ബിൽഡിംഗ് പെർമിറ്റ്- രേഖകൾ പൊരുത്തപ്പെടുന്നില്ല | 1-12 | |
| 13 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം - പദ്ധതി പൂർത്തിയാക്കിയില്ല | 1-13 | |
| 14 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട:അപാകതകൾ | 1-14 | |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-15 | |
| 16 | കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. | 1-16 | |
| 17 | ജലസുരക്ഷാ പദ്ധതി നടപ്പിലാക്കേണ്ടതാണ്. | 1-17 | |
| 18 | ശൃഖലാ ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ -പദ്ധതി പൂർണ്ണമായി ലക്ഷ്യം കണ്ടില്ല | 1-18 | |
| 19 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച് | 1-19 | |
| 20 | മുഴുവൻ മരുന്നും ലഭ്യമായില്ല | 1-20 | |
| 21 | കുട്ടികൾക്ക് കായികപരിശീലനം അപാകതകൾ | 1-21 | |
| 22 | ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക കുറവായി നൽകി | 1-22 | |
| 23 | പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-23 | |
| 24 | അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി | 1-24 | |
| | ഭാഗം II<br>വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല. | | |
| | ഭാഗം III<br>ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 25 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം | 4-1 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 | |

| | | | |
|---|---|---|---|
| 29 | വായ്പ /വായ്പ തിരിച്ചടവ് | 4-5 | |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-6 | |
| 31 | ഓഡിറ്റ് റിക്കവറി | 4-7 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 33 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| അനുബന്ധം | | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 37 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 38 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 39 | ബാലൻസ് ഷീറ്റ് | 4 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തി |
|---|---|
| 26.03.2018 ലെ തീരുമാനം നമ്പർ 1 | ഇല്ല. |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 30.04.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30394319 |
| വരവ് | 116439778 |

| | |
|---|---|
| ആകെ | 146834097 |
| ചെലവ് | 110514240 |
| നീക്കിയിരിപ്പ് | 36319857 |

# 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24756048 | 24756048 | 22704886 | -- | 91.71 |
| വികസനഫണ്ട് എസ്.സി.പി. | 0 | 17021000 | 17021000 | 16067042 | -- | 94.39 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 304000 | 304000 | 212800 | -- | 70 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6113000 | 6113000 | 5700738 | -- | 93.25 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6249000 | 6249000 | 4664818 | -- | 74.64 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11491000 | 11491000 | 11491000 | -- | 100 |
| എൻ.ആർ.ഇ.ജി. എസ്. | 303 | 27004993 | 27005296 | 26934879 | 70417 | 99.73 |
| ബി.ഫണ്ട്. | 0 | 79996380 | 79996380 | 79996380 | -- | 100 |
| കനറാ ബാങ്ക് | 12781300 | 16511320 | 29292620 | 14198975 | 15093645 | 48.47 |
| എസ്.ബി.ടി എടവണ്ണ | 49753 | 236886 | 286639 | -- | 286639 | -- |
| ട്രഷറി ടി.എസ്.ബി | 11434782 | 21594976 | 33029758 | 21045655 | 11984103 | 63.71 |
| എസ്.ബി.ടി എസ്.എസ്.എ | 1172728 | 314661 | 1487389 | 1487389 | -- | 100 |
| പൈക്ക | 1004087 | 46266 | 1050353 | 1050353 | -- | 100 |
| എസ്.എം.ജി.ബി | 3575 | 164 | 3739 | 3739 | -- | 100 |
| വിജയ ബാങ്ക് | 27153 | 1189 | 28342 | 28342 | -- | 100 |
| മഞ്ചേരി കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 47407 | 1582 | 48989 | 48989 | -- | 100 |
| സാനിറ്റേഷൻ | 3053159 | 1537013 | 4590172 | 514304 | 4075868 | 11.20 |
| ട്രഷറി ജോയിന്റ് വെഞ്ച്വർ | 500000 | 8207150 | 8707150 | 4047363 | 4659787 | 46.48 |
| ലൈഫ് | 0 | 9203645 | 9203645 | 9200000 | 3645 | 99.96 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 368 | 159994748 | 350 | 99021885 | 116 | 18 | 63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 303 | 402562 | 402865 | 332448 | 70417 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22721522 | 22721522 | 22721522 | 0 |
| ആകെ | 303 | 23124084 | 23124387 | 23053970 | 70417 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 443280 | 271 |
| കർഷകതൊഴിലാളിപെൻഷൻ | 5200500 | 376 |
| വിധവാപെൻഷൻ | 23165300 | 1846 |
| വാർദ്ധക്യകാലപെൻഷൻ | 40363300 | 3001 |
| വികലാംഗപെൻഷൻ | 9021200 | 812 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1522800 | 124 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 96802/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ തുടർന്ന് വരുന്ന പരാമർശങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2020 to 15.01.2020 | 12/2019 | 15.01.2020 |
| എ.ജി ഓഡിറ്റ് | 22.03.2014 to 23.04.2014 | 2008-09 to 2012-13 | 01.07.2014 |
| എ.ജി ഓഡിറ്റ് | 16.07.2018 (SCP, TSP) | 2013-14 to 2017-18 | 07.01.2019 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1- മുൻവർഷ B9 ലൈബ്രറി സെസ്സ് + തൻ വർഷ RP 3 ലൈബ്രറി സെസ്സ് - തൻവർഷ RP 36 ലൈബ്രറി സെസ്സ് തിരിച്ചടവ് = തൻവർഷ B9 ലൈബ്രറി സെസ്സ് ആയിരിക്കും. എന്നാൽ വാർഷികകണക്കിൽ ഈ തുക 383123.15 + 318751 – 490881 = 210993 എന്നാണ് ലഭിക്കുന്നത്. തൻവർഷ B9 ലൈബ്രറി സെസ്സ് തുക 224975 രൂപയാണ്. 13982 രൂപയുടെ വ്യത്യാസം കാണുന്നു.

2- B 11 -ലെ ഫിക്സഡ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധവിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3- ബാലൻസ് ഷീറ്റിലെ ബി-14 പ്രകാരം 18401 രൂപ സ്റ്റോറിന്റെ ക്ലോസിംഗ് സ്റ്റോക്ക് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് വാല്യൂബേസ്ഡ് ആക്കി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4- MGNREGS – ന്റെ അഡ്മിനിസ്ട്രേറ്റീവ് വരവ് RP 31 പ്രകാരം 402562 രൂപയും ചെലവ് RP 16 പ്രകാരം 319088 രൂപയുമാണ്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 403012 രൂപയും ചെലവ് 332898 രൂപയുമാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്. അത് പോലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല.
5- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6- 2017-18 വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.
7- ബാലൻസ്ഷീറ്റിലെ ബി-4 പ്രകാരം Joint venture ഇനത്തിലെ ബാധ്യത ജില്ലാ പഞ്ചായത്ത് 1999753 രൂപയും ബ്ലോക്ക് പഞ്ചായത്ത് 633187 രൂപയുമാണ്. എന്നാൽ പരിശോധനക്കായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് യഥാക്രമം 2712428 രൂപ, 1303187 രൂപ എന്നിങ്ങനെയാണ്.
8- RP 31പ്രകാരം Joint venture ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 5440110 രൂപയാണ് വരവായി ലഭിച്ചത്. എന്നാൽ പരിശോധനക്കായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 5940110 രൂപ എന്ന് കാണുന്നു. 5 ലക്ഷം രൂപയുടെ വ്യത്യാസം ഉണ്ട്.

# 1-12 ബിൽഡിംഗ് പെർമിറ്റ് -രേഖകൾ പൊരുത്തപ്പെടുന്നില്ല.

തൃക്കലങ്ങോട് പഞ്ചായത്തിൽ നിന്നും 25/07/18 ന് 3923/18 നമ്പർ ആയി ശ്രീ.അയ്യപ്പൻ ,കണ്ണച്ചൻ തൊടി , കരിക്കാട് എന്നവർക്ക് ബ്ലോക്ക് 62 ൽ റീ.സർവ്വേ നം 114/7 ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള 605.90ച.മീറ്റർ വിസ്തീർണ്ണത്തിൽ ഉള്ള കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച പെർമിറ്റിന് വേണ്ടി ഹാജരാക്കിയ രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
കൈവശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഭൂമിയുടെ അളവ് 14.89 സെന്റ് -0.0603 ഹെ. (സർട്ടിഫിക്കറ്റ് നമ്പർ 30932966 തിയ്യതി 05/03/2018 സെക്യൂരിറ്റി കോഡ് THPU4 )
നികുതി രശീതി പ്രകാരമുള്ള ഭൂമിയുടെ അളവ് 25.5 സെന്റ് -0.1032ഹെ. (രശീതി ബുക്ക് നം 02340 നം.0233963 തിയ്യതി 20/09/2017)
ആധാര പ്രകാരമുള്ള ഭൂമിയുടെ അളവ് 25.5 സെന്റ് -0.1032 ഹെ.(ആധാരം നമ്പർ 6696/2011 തിയ്യതി 07/12/2011 എസ്.ആർ.ഒ മഞ്ചേരി )

കൈവശ സർട്ടിഫിക്കറ്റിന്റെ ആധികാരികത വില്ലേജ് ഓഫീസ് മുഖേനെ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 16 തിയ്യതി 30/01/2020)

# 1-13 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം - പദ്ധതി പൂർത്തിയാക്കിയില്ല

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കുന്നതിനായി 2016 -17 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 50,000 രൂപ വകയിരുത്തിയ പ്രോജക്ട് 2018-19 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. ബഹുജന പങ്കാളിത്തത്തോടെ നാടിന്റെ പ്രാദേശിക ചരിത്രം സംബന്ധിച്ച വിവരശേഖരണം നടത്തുകയും പിന്നീട് വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ചരിത്ര രചന പൂർത്തിയാക്കുകയും ചെയ്യാനാണ് പ്രോജക്ട് ലക്ഷ്യം വെച്ചിരുന്നത്.

പദ്ധതി പൂർത്തീകരിയ്ക്കുന്നതിനായി, 2018-19 ൽ, തനത് ഫണ്ടിൽ നിന്നും 2,00,000 രൂപ വകയിരുത്തി 'തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് - ചരിത്രം തയ്യാറാക്കൽ' - (നമ്പർ - 60/19) എന്ന പേരിൽ പ്രോജക്ട് വെക്കുകയും 4.1.2019ലെ 3044444 നമ്പർ ചെക്ക് പ്രകാരം 67005/- രൂപ ഹെഡ്മാസ്റ്റർ ഈയിനത്തിൽ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ട് പ്രകാരം കോഴിക്കോട് സർവകലാശാല ചരിത്രവിഭാഗവും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തും ചേർന്ന് 13.3.2019മുതൽ 15.3.19വരെ കാരക്കുന്ന് നാസ് ഓഡിറ്റോറിയത്തിൽ വച്ച് ശിൽപശാല നടത്തുകയുണ്ടായി. ഈ ശിൽപശാല നടത്തിയതിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ വിവരങ്ങൾ ലഭിച്ചതായുള്ള പത്രവാർത്ത ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ചരിത്ര പുസ്തകം തയ്യാറാക്കുന്നതിനായി കോഴിക്കോട് സർവകലാശാല ചരിത്രവിഭാഗത്തെ ചുമതലപ്പെടുത്തിയതായി ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ ആയതിന്റെ ഭരണസമിതി തീരുമാനം ലഭ്യമല്ല.

ഭരണസമിതി തീരുമാനം,പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട കൊണ്ട് നൽകിയ 11/29.1.2019 നം.ഓഡിററ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, ചരിത്ര പുസ്തകം കോഴിക്കോട് സർവകലാശാലയുമായി ചേർന്ന് ചെയ്യാനാണ് ഉദ്ധേശിച്ചിട്ടുള്ളത് എന്നും ഭരണസമിതി തീരുമാനം,പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു.ചരിത്ര പുസ്തകത്തിന്റെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-14 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട:അപാകതകൾ

പ്രൊജക്ടിന്റെ പേര് :ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

പ്രൊജക്ടനം : 126/19

അടങ്കൽ :100000/- (വികസന ഫണ്ട് 90000+തനത് ഫണ്ട് 10000)

ചെലവ് :60,000/

1.ബിൽ നം 39/18-19 തീയതി 9.11.18 ,30000/-

2.ബിൽ നം 63/18-19 തീയതി 21.2.19 ,30000/-

മേൽ പ്രൊജക്ട് പ്രകാരം, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന ഗുണ ഭോക്താക്കൾക്ക് 30,000 രൂപ വീതം നൽകിയിട്ടുണ്ട്.

1. ശ്രീമതി. ശഫിയ.പി. മാടശ്ശേരി

2. ശ്രീ സുലൈമാൻ.സി.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ജി ഒ(കൈ) നം 22/18 ത.സ്വഭ. തീയതി.14.2.18 പ്രകാരം, പെട്ടിക്കട നിർമിച്ചുനൽകിയ വ്യക്തി/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറേണ്ടത്. എന്നാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി ഗുണ ഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറിയിട്ടുള്ളത്. ആയത് ക്രമ പ്രകാരമല്ല.

2.ശ്രീ.സുലൈമാൻ എന്ന ഗുണഭോക്താവ് ഭിന്നശേഷിയുള്ള വ്യക്തിയാണെന്നു തെളിയിക്കുന്ന മെഡിയ്ക്കൽ ബോർഡിന്റെ സർട്ടീഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3.പെട്ടിക്കട സ്ഥിതി ചെയ്യുന്ന സ്ഥലം, ഫോട്ടോ സഹിതമുള്ള രേഖകൾ എന്നിവ ഫയലിൽ ഇല്ല.

4.സ്വയം തൊഴിൽ സംരഭത്തിനുള്ള ധനസഹായം മുമ്പ് ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ 3/27.1.2020 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, മാർഗരേഖ വായിച്ചു മനസ്സിലാക്കിയതിലുള്ള അപാകതയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറാൻ കാരണമെന്നും അപാകത മേലിൽ ആവർത്തിയ്ക്കുകയില്ലെന്നും മറുപടി ലഭ്യമാക്കി.
മേൽ അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതി നിർവഹണം മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര്/ ഫണ്ട് | തുക | ബിൽ/ വൗച്ചർ നമ്പർ തീയതി | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 339/19 | മേലേ മരത്താണി,കപ്രാട് അംഗനവാടികൾക്ക് കുഴൽക്കിണർ<br>തനത് ഫണ്ട് | 41,450 | 21801021/11-3-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 2 | 206/19 | ജി യു പി എസ് എളങ്കൂർ കുഴൽക്കിണർ നിർമ്മാണം | 46,740 | 21801022/11-3-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 3 | 254/19 | കാരാട്ടുതൊടി കുടിവെള്ള പദ്ധതി വൈദ്യുതീകരണം<br>സി എഫ് സി | 68,682 | 8/18-19 തി.31-8-18 | കെ എസ് ഇ ബി |
| | | ആകെ | 1,56,872 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 1,56,872 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു

സംബന്ധിച്ച് നമ്പർ 5/28-1-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആയത് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-16 കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന തനത് ഫണ്ടിൽ നിന്നുമുള്ള ചെലവുകളുടെ കൈപ്പറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | വൗച്ചർ നമ്പർ/ തിയതി | വിഷയം | തുക |
|---|---|---|---|
| 1 | 21800402<br>4-10-18 | ഐ ടി എക്സ്പോർട്ടർമാർക്ക് വേതനം അനുവദിക്കുന്നതു സംബന്ധിച്ച് പാണ്ടിക്കാട് പെർഫോർമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ടിനനുവദിച്ചത്. | 20,000 |
| 3 | 21800609<br>21-12-18 | WP(C)33886/2015 കേസ്സുമായി ബന്ധപ്പെട്ട് അഡ്വ.ടി രാജശേഖരൻ നായർക്ക് വക്കീൽ ഫീസ് നൽകിയത്. | 15000 |
| 4 | 21801149<br>25-3-19 | WP(C)5437/2016 കേസ്സുമായി ബന്ധപ്പെട്ട് അഡ്വ.ടി രാജശേഖരൻ നായർക്ക് വക്കീൽ ഫീസ് നൽകിയത്. | 15000 |
| | | ആകെ | 50,000 |

കൈപ്പറ്റ് രശീതി ഹാജരാക്കുന്നതു വരെ 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 8/28-1-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

## 1-17 ജലസുരക്ഷാ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴ വെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീചാർജ് ആവശ്യമുള്ള കിണറുകൾ ഒരു സർവ്വേയിലൂടെ കണ്ടെത്തേണ്ടതാണ്. സ.ഉ (കൈ) നം 161/16 തസ്വഭവ 9-11-16 പ്രകാരം ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തനരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം കിണർ റീചാർജ് പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത കണക്കാക്കുമ്പോൾ നിലവിലെ ജലസംരക്ഷണ പ്രവൃത്തികൾ അപര്യാപ്തമാണ്. കിണർ റീചാർജ് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 1-18 ശൃംഖലാ ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ -പദ്ധതി പൂർണ്ണമായി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്റ്റ് നമ്പർ | 249/19 സ്പിൽ ഓവർ |
| | |

| | |
|---|---|
| പ്രോജെക്ടിന്റെ പേര് | പഞ്ചായത്തിന്റെ വിവിധ കെട്ടിടങ്ങളിൽ വൈദ്യുതിക്കുവേണ്ടി സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 12,00,000- വികസനഫണ്ട് |
| ചെലവ് | രജിസ്ട്രേഷൻ ഫീസ് 13,000 രൂപ 2017-18 വർഷം<br>ബിൽ നമ്പർ 28/18-19 തി. 19-3-19 579429 രൂപ<br>ബിൽ നമ്പർ 31/18-19 തി. 19-3-19 40394 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് പ്രസ്തുത കെട്ടിടത്തിനാവശ്യമായ വൈദ്യുതി ഉപയോഗിക്കുകയും അധികമുള്ള വൈദ്യുതി സംസ്ഥാന വൈദ്യുത ശൃംഖലയിലേക്ക് നൽകി വരുമാനം കണ്ടെത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ പിഎച്ച്സി എളങ്കൂർ (3kw), ഗവ: എൽ പി സ്കൂൾ ചെറുവണ്ണൂർ (5kw), ഗവ:യു പി സ്കൂൾ എളങ്കൂർ (5kw) എന്നീ സ്ഥാപനങ്ങളിൽ ശൃംഖലാ ബന്ധിത സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതിന് ജില്ലാ എഞ്ചിനീയർ അനർട്ടിന്റെ 3-1-18 ലെ പ്രാഥമിക സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി തൃക്കലങ്ങോടിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയുണ്ടായി. ഇതിനായി 13,000 രൂപ 2017-18 വർഷത്തിൽ കെ എസ് ഇ ബിയിൽ അടവാക്കിയിരുന്നു. 22-1-18 ൽ കെ എസ് ഇ ബിയിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായി. തുടർന്ന് ടെണ്ടർ നടപടിയിലൂടെ സോൾഗൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് കൂട്ടനല്ലൂർ,തൃശ്ശൂർ എന്ന സ്ഥാപനത്തെ പദ്ധതിയുടെ നിർവഹണത്തിനായി തെരഞ്ഞെടുത്തു. പിഎച്ച്സി എളങ്കൂർ, ഗവ:എൽ പി സ്കൂൾ ചെറുവണ്ണൂർ എന്നിവിടങ്ങളിൽ യഥാക്രമം 3 kw, 5kw സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പി എച്ച്സി എളങ്കൂറിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിന് 2,15,410 രൂപയും ഗവ:എൽപി സ്കൂൾ ചെറുവണ്ണൂരിൽ സ്ഥാപിക്കാൻ 3,64,019 രൂപയും ഉൾപ്പടെ ഇതിനായി 5,79,429 രൂപ ചെലവായിട്ടുണ്ട്.ഇതിന്റെ സാങ്കേതിക പരിശോധന 4-2-19 ന് അനർട്ട് നടത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എളങ്കൂർ ഗവ:യു പി സ്കൂളിലെ കോൺക്രീറ്റ് റൂഫ് 32ഡിഗ്രി ചരിവുണ്ടെന്നും റൂഫിൽ വിള്ളലുകൾ ഉണ്ടെന്നും സോളാർ പാനൽ ഇൻസ്റ്റാൾ ചെയ്യാൻ ബുദ്ധിമുട്ടാണെന്നും നിർവഹണ ഏജൻസി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് അനർട്ടിന്റെ സാങ്കേതിക സഹായം തേടിയപ്പോൾ നിലവിലെ സ്ഥലം അനുയോജ്യമാണെന്നും ആവശ്യമെങ്കിൽ ഒരു സ്ട്രക്ച്ചറൽ എഞ്ചിനീയറെകൊണ്ട് പരിശോധിപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിന്റെ മേൽക്കൂര പല ഭാഗത്തും അടർന്നു വീണിട്ടുണ്ടെന്നും വിള്ളലുകൾ പല ഭാഗത്തും ഉണ്ടെന്നും ഈർപ്പം നിലനിൽക്കുന്നുണ്ടെന്നും ടി കെട്ടിടം അനുയോജ്യമല്ലെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഗവ:യു പി സ്കൂൾ എളങ്കൂറിൽ സോളാർ പാനൽ നിർമ്മിക്കുന്ന കരാർ റദ്ദാക്കാൻ ഗ്രാമപഞ്ചായത്തിനെ ഉപദേശിക്കാൽ നിർവഹണ കമ്പനി അനർട്ടിനോടാവശ്യപ്പെട്ടു.

21-2-19 ലെ 18(3) നമ്പർ ഭരണസമിതി തീരുമാനപ്രകാരം ഗവ: യു പി എസ് എളങ്കൂറിൽ സ്ഥാപിക്കാനുദ്ദേശിച്ച സോളാർ പ്ലാന്റ് പിഎച്ച്സി എളങ്കൂറിലെ പുതിയ കെട്ടിടത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് 31-3-19 ന് പൂർത്തിയാക്കണമെന്നും ഭരണ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.നിർവഹണഏജൻസിയുടെ 15-3-19 ലെ കത്തിൽ പി എച്ച് സി എളങ്കൂറിൽ 3 ഫേസ് കണക്ഷൻ ഇല്ലാത്തതിനാൽ സ്ഥാപിക്കാൻ കഴിയില്ലെന്നറിയിച്ചിട്ടുണ്ട്. പിഎച്ച്സിയിൽ 3 ഫേസ് കണക്ഷൻ ലഭിക്കുന്നതിനായി 40,394 രൂപ കെഎസ്ഇബിയിൽ അടവാക്കിയിട്ടുണ്ട്. മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). പി എച്ച്സി എളങ്കർ 3 ഫേസ് ആക്കുന്നതിന് 40,394 രൂപ കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം 3 ഫേസ് ആക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ 40,394 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2).സൗരോർജ്ജ നിലയങ്ങളുടെ വാറണ്ടി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3).സൗരോർജ്ജനിലയം സ്ഥാപിച്ചതിനുശേഷം വൈദ്യുതി ചാർജിലുണ്ടായ മാറ്റം പഠനവിധേയമാക്കിയിട്ടില്ല.

4).അനർട്ടിന്റെ സ്ഥലപരിശോധനയുടെയും അതിനെ തുടർന്ന് കെഎസ്ഇബിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ഗവ: എൽപി സ്കൂൾ എളങ്കറിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുവാൻ തീരുമാനിക്കുകയും പിന്നീട് നിർവഹണ ഏജൻസിയും എൽ എസ് ജി ഡി അസി. എഞ്ചിനീയറും നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥലം സൗരോർജ്ജ നിലയം സ്ഥാപിക്കാൻ അനുയോജ്യമല്ലെന്നും കണ്ടെത്തിയത് ആശയക്കുഴപ്പത്തിനും സമയനഷ്ടത്തിനും ഇടയാക്കി. കൂടുതൽ വൈദ്യുതി ഉപഭോഗം ഉള്ള പി എച്ച്സി ആദ്യം 3 ഫേസ്സാക്കുകയും അവിടെ കൂടിയ കിലോവാട്ടിലുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്.

5). സൗരോർജ്ജ നിലയം കെസ് ഇ ബിയുമായി ബന്ധിപ്പിക്കുന്നതിനു വേണ്ട രേഖകൾ (എനർജൈസേഷൻ സർട്ടിഫിക്കറ്റ് ,ടെസ്റ്റ് സർട്ടിഫിക്കറ്റ്,നെറ്റ്മീറ്റർ എഗ്രിമെന്റ് തുടങ്ങിയവ) ഫയലിൽ ഇല്ല.

6). മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

29-1-2020 ന് പിഎച്ച്സി എളങ്കർ, ഗവ: എൽ പി സ്കൂൾ ചെറുവണ്ണൂർ, ഗവ: യു പി സ്കൂൾ എളങ്കർ എന്നിവിടങ്ങളിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. ഗവ: യുപിസ്കൂൾ ചെറുവണ്ണൂരിലെ സൗരോർജ്ജ നിലയം നിലവിൽ പ്രവർത്തിക്കുന്നില്ല. കൂടാതെ രണ്ട് സ്ഥാപനങ്ങളിലെ സൗരോർജ്ജ നിലയങ്ങളും പൊടി പിടിച്ച് ശരിയായി സംരക്ഷിക്കപ്പെടാത്ത അവസ്ഥയിലാണെന്നും കണ്ടെത്തി. ഗവ: എൽ പി സ്കൂൾ ചെറുവണ്ണൂരിലെ സൗരോർജ്ജ നിലയം ശരിയാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. സൗരോർജ്ജനിലയങ്ങൾ ശരിയായി പരിപാലിക്കുവാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 12/29-1-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

# 1-19 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച്

സ.ഉ (സാധ) നം 1279/2009 തസ്വഭവ 30-5-09 കുടിവെള്ള പദ്ധതികൾ നടത്തിപ്പ്, സംരക്ഷണം മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് നിർമ്മിച്ച കുടിവെള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് കൈമാറിയ പദ്ധതികളും പ്രവർത്തനക്ഷമമാണെന്നുറപ്പുവരുത്തി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | കൺസ്യൂമർ നമ്പർ | 2018-19 വർഷത്തിൽ അടവാക്കിയ തുക |
|---|---|---|---|
| 1 | ഊത്തലക്കണ്ടി കുടിവെള്ള പദ്ധതി | 1991 | 28,000 |
| 2 | കാരക്കുന്ന് കുടിവെള്ള | 924 | 62,129 |

| | പദ്ധതി | | |
|---|---|---|---|

മേൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കണമെന്ന് 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 4/28-1-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പദ്ധതി ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാലാണ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 മുഴുവൻ മരുന്നും ലഭ്യമായില്ല

പ്രൊജക്ടിന്റെപേര് : പാലിയേറ്റീവ് കെയർ (73/19)

അടങ്കൽ :586700/- (പ്ലാൻ - 311200/- + തനത് - 275500/-)

ചെലവ് : 1,00,000/- (ബിൽ നം 16/18-19 തീയതി. 15.12.18)

മെഡിക്കൽ ഓഫീസർ (അലോപ്പതി)നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം പരിരക്ഷ രോഗികൾക്ക് മരുന്നു വാങ്ങുന്നതിനായി 1 ലക്ഷം രൂപ കെ എം എസ് സി എല്ലിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക 304957760 നമ്പർ പ്രകാരം പഞ്ചാബ് നാഷണൽ ബാങ്കിലേയ്ക്ക് അടവാക്കിയിട്ടുണ്ട്.

തുക കൈപ്പറ്റിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഒരു വർഷമായിട്ടും പ്രഫോർമ ഇൻവോയ്സ് (നം പി.ആർ .എഫ് 2264) പ്രകാരമുള്ള മുഴുവൻ മരുന്നുകളും പി. എച് .സി. യിലേയ്ക്ക് ലഭ്യമാക്കിയിട്ടില്ല.മുൻകൂറായി നൽകിയ തുകയിൽ, രണ്ടു ഘട്ടങ്ങളിലായി 85671 രൂപയുടെ മരുന്നു മാത്രമാണ് ഓഡിറ്റ് തീയതി വരെയും ലഭ്യമാക്കിയിട്ടുള്ളത്. 14329 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു.

അപാകതക സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറി നം. 1/25.1.2020 നുള്ള മറുപടിയായി,മരുന്നുകൾ ലഭ്യമാകാൻ താമസം നേരിടുന്ന വിവരം കെ എം എസ് സി എല്ലിനെയും ഭരണസമിതിയേയും അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. അവശേഷിയ്ക്കുന്ന 14329 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 കുട്ടികൾക്ക് കായികപരിശീലനം അപാകതകൾ

പ്രൊജക്ടിന്റെപേര് :കുട്ടികൾക്ക് കായികപരിശീലനം

പ്രൊജക്ടനം : 59/19

അടങ്കൽ :100000/

ചെലവ് :79925

ബിൽ നം 6/18-19 തീയതി 27.3.2019

ഫണ്ട് : വികസനഫണ്ട്

മേൽ പ്രൊജക്ട് പ്രകാരം,115 കുട്ടികൾക്ക് കായികപരിശീലനം നടത്തിയതിന്റെ ഭാഗമായി 3 അദ്ധ്യാപകർക്ക് ഓണറേറിയം ഇനത്തിൽ 10000 രൂപ വീതം നൽകിയിട്ടുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1പരിശീലകനുമായി കരാർ വെച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.മൂന്ന പേരെയും കായികപരിശീലനത്തിന്ന തെരഞ്ഞെടുത്തതിന്റെ പഞ്ചായത്തു തീരുമാനം, അദ്ധ്യാപകന്റെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. പരിശീലകരുടെ ഹാജർ വിവരവും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ 10/29.1.2020 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവിനാധാരമായ രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു

# 1-22 ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് തുക കുറവായി നൽകി

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (ജനറൽ വിഭാഗം ,എസ്. സി.വിഭാഗം) എന്നീ പ്രൊജക്ടുകളിൻ കീഴിൽ, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുഴുവൻ തുകയും നൽകിയിട്ടില്ല.

പ്രോജക്ടിന്ന വേണ്ടി വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക |
|---|---|---|---|
| 88/18-19 (ജനറൽ വിഭാഗം) | വികസന ഫണ്ട്- | 1097440 | 1897440 |
| | തനത് ഫണ്ട് | 500000 | |
| | ബ്ലോക്ക് പഞ്ചായത്ത് | 200000 | |
| | ജില്ലാ പഞ്ചായത്ത് | 300000 | |
| | ആകെ | 2097440 | |
| 9/18-19 (എസ്. സി.വിഭാഗം) | വികസന ഫണ്ട്- | 150000 | 250000 |
| | ബ്ലോക്ക് പഞ്ചായത്ത് | 50000 | |
| | ജില്ലാ പഞ്ചായത്ത് | 100000 | |
| | ആകെ | 300000 | |

മേൽ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ശാരീരിക വെല്ലുവിളികൾ നേരിടുന്ന 20പേർക്കും(15+5), മാനസിക വെല്ലുവിളികൾ നേരിടുന്ന 121 പേർക്കുമാണ്(112+9) സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ തുകയാണ് ഓഡിറ്റ് വർഷത്തിൽ നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുകയും, 2018-19 വർഷത്തിൽ പഞ്ചായത്തിൽ നിന്നും നൽകിയ സ്കോളർഷിപ്പ് തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം | ഓരോ വിദ്യാർത്ഥികൾക്കും നൽകാവുന്ന തുക (വാർഷികം) | ഓരോ വിദ്യാർത്ഥികൾക്കും നൽകിയ തുക (വാർഷികം) | കുറവ് (വാർഷികം) |
|---|---|---|---|---|
| ജനറൽ | 112 | 28500 | 23500 | 5000 |

| | | | | |
|---|---|---|---|---|
| വിഭാഗം | | | | |
| എസ്.സി.വിഭാഗം | 9 | 28500 | 25500 | 3000 |

ആകെ കുറവ് 5,87,000രൂപ (112*5000+9*3000)

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാത്തതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ 5,87,000രൂപയുടെ സ്കോളർഷിപ്പ് തുക നഷ്ടപ്പെട്ടിട്ടുണ്ട്.സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള തുക പ്രൊജക്ടിൽ വകയിരുത്തേണ്ടതും അർഹമായ തുക ലഭ്യമാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-23 പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

വാർഷിക പദ്ധതിയിൽ 6.63 കോടി അടങ്കൽ വരുന്ന 226 പ്രോജക്ടുകളാണ് അസി.എഞ്ചിനീയർക്ക് നടപ്പിലാനുണ്ടായിരുന്നത്. ഇതിൽ 2.92 കോടി വിനിയോഗിച്ച് 123 പ്രോജക്ടുകളാണ് നടപ്പിലാനായത്. മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കാണിക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നമ്പർ സർക്കുലറിലെ നിർദ്ദേശവും നിലനിൽക്കുകയാണ്.

2.സൈറ്റിൽ സ്ഥാപിക്കുന്ന ഡിസ് പ്ലേ ബോർഡിൽ വിശദാംശമില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, എഞ്ചിനീയറുടെ പേര്, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്.

3. ഇ- ടെൻഡർ ഫോറം വില ഈടാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി

നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. എഞ്ചിനീറിംഗ് വിഭാഗം തയ്യാറാക്കിയ രേഖകളിൽ നിന്ന തന്നെ 2016-17 വർഷത്തിൽ 20 പ്രവൃത്തികളിൽ നിന്നും നികുതി ഉൾപ്പടെ 42325 രൂപയും, 2017-18ൽ 29 പ്രവൃത്തികളിൽ നിന്നും നികുതി ഉൾപ്പടെ 40880 രൂപയും, 2018-19 ൽ 25 പ്രവൃത്തികളിൽ നിന്നും നികുതി ഉൾപ്പടെ 108730 രൂപയും ടെൻഡർ ഫീസായി ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. 2016-17മുതൽ ഇ-ടെൻഡർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാവുന്നതാണ്. എന്നാൽ 2018-19 വർഷത്തിലും വെൽഫയർ ഫണ്ട് തുകയിൽ നിന്നും കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല.

# 1-24 അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർന്നും സേവനത്തിന അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (എം എസ്) നം 252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം പുറപ്പെടുവിച്ചതാണ്. പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രത്യേകം ബാധകമായതും കുടുംബശ്രീ നിശ്ചയിച്ചതുമായ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനും ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി നടപ്പിലാക്കാനും നിർദ്ദേശമുള്ളതാണ്. ആകെ അടങ്കൽ തുകയുടെ 10% ജില്ലാ പഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കാനും 35% ഗ്രാമ പഞ്ചായത്തും 40% ചാലഞ്ച് ഫണ്ടും വകയിരുത്തിയുമാണ് പദ്ധതി രൂപീകരിക്കാൻ നിർദ്ദേശിച്ചത്.

പഞ്ചായത്ത് ഭരണ സമിതിയുടെ 05.01.2019 ലെ 14(1) നമ്പർ തീരുമാന പ്രകാരം 96 ഗുണഭോക്തൾ ഉൾപ്പെടുന്ന പദ്ധതിയിൽ വീട് നിർമ്മാണം, വീട് റിപ്പയർ, സ്ഥലം വാങ്ങൽ, വിദ്യാഭ്യാസം, ചികിത്സ, ഭക്ഷണം എന്നീ സേവനങ്ങൾ നൽകാനായി തദ്ദേശ സ്വയംഭരണസ്ഥാപനം തയ്യാറാക്കിത് 1,06,46,400രൂപയുടെ പദ്ധതിയാണ്. 2018-19 മുതൽ 2020-21 വരെ കാലയളവുള്ള പദ്ധതിക്കായി ചാലഞ്ച് ഫണ്ട് മുൻബാക്കിയുള്ള 16,58,834രൂപ, ഓന്നാം ഗഡുവായി അനുവദിക്കാനുള്ള 790,467രൂപ, മൂന്ന് വർഷങ്ങളിൽ വികസന ഫണ്ട് വിഹിതം 73.5 ലക്ഷം, തനത് ഫണ്ട് വിഹിതം 9.25 ലക്ഷം രൂപ എന്നിങ്ങനെയാണ് വിവിധ ഫണ്ട് വകയിരുത്തിയത്. പദ്ധതി നടത്തിപ്പിലെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

1. 2018-19 വർഷത്തിൽ പ്രോജക്ട് 21/19 (അടങ്കൽ : വികസന ഫണ്ട് 5ലക്ഷം), 23/19 (അടങ്കൽ : വികസന ഫണ്ട് 5ലക്ഷം, തനത് ഫണ്ട് 5.25 ലക്ഷം), 256/19 (അടങ്കൽ : വികസന ഫണ്ട് 1.5ലക്ഷം) എന്നിവയിൽ വികസന ഫണ്ട് 6.45 ലക്ഷം രൂപ വിനിയോഗിച്ച് എസ് സി , ജനറൽ വിഭാഗങ്ങളിലായി 15 പേർക്ക് വീട് റിപ്പയറിംഗിനായി മുൻകൂർ നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 5.05 ലക്ഷം രൂപ മുൻകൂറായി പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുകയാണ്. അതേ സമയം തനത് ഫണ്ട് വകയിരുത്തിയ 5.25 ലക്ഷം രൂപ കൈമാറിയിട്ടില്ല.

2.പദ്ധതിയിൽ ഭക്ഷണം, ചികിത്സ എന്നിവക്കായി യഥാക്രമം 58400 രൂപയും, 44133 രൂപയുമാണ് വിനിയോഗിച്ചത്. ആശ്രയ പദ്ധതിയുടെ ഭാഗമായി 158100 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

3. ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുത്ത 17 ഗുണഭോക്താക്കൾ 2019 -20 ലും നിർമ്മാണത്തിനായി സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല. 2019 -20 വർഷത്തിൽ വകയിരുത്തിയ തുക പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി അറിയിച്ചു. അന്വേഷണത്തിൽ തെരഞ്ഞെടുത്ത 17 ഗുണഭോക്താക്കളിൽ ഏറ്റവും അർഹരായ 4 പേർക്ക് ധനസഹായം അനുവദിക്കുമെന്നും അവശേഷിക്കുന്നവർക്ക് തുടർവർഷത്തിൽ അനുവദിക്കുമെന്നും അറിയിച്ചു. ഭവന രഹിത ഭൂരഹിതരായുള്ള 4 ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ വീട് നൽകാനാണ് തീരുമാനമെന്നും അറിയുന്നു. ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവാദം ലഭിച്ചോയെന്ന് വ്യക്തമല്ല.

4. പദ്ധതിയുടെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പായി തെരഞ്ഞെടുത്ത മുഴുവൻ ഗുണഭോക്താക്കൾക്കും നിശ്ചയിച്ച പ്രകാരമുള്ള ആനുകല്യം ലഭ്യമാകാൻ നടത്തിപ്പ് മേൽനോട്ടത്തിനായി രൂപീകരിച്ച വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പദ്ധതിയിലെ ഓരോ പ്രവർത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി അതനുസരിച്ച് പുനരധിവാസ പദ്ധതിയുടെ പ്രവർത്തനം ക്രമീകരിക്കാനുള്ള നിർദ്ദേശം ഗൗരവമായെടുക്കേണ്ടതാണ്. പദ്ധതിയുടെ രണ്ടാം വർഷത്തിൽ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയത് 62 ലക്ഷം രൂപ കണ്ടെത്താനാവാത്ത സാഹചര്യത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിഹിതം ലഭിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.19 മുതൽ 20.07.2019 വരെ | കെ എസ് എ .എം പി എം 09/905/2019 തി. 01.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് , നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ്. |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25500 | നെൽ കൃഷിക്ക് കൂലിച്ചെലവ് (19/19) | 0 | 25500 |
| | 170000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് (22/19) | 0 | 170000 |
| | 400000 | പാലിന് സബ്സിഡി (120/19) | 400000 | 0 |
| | 600000 | ലൈഫ് മിഷൻ ജനറൽ (66/19) | 600000 | 0 |
| | 100000 | ലൈഫ് മിഷൻ | 0 | 100000 |

| | | | | |
|---|---|---|---|---|
| | | എസ്.സി (84/19) | | |
| | 555680 | ചാരങ്കാവ് എസ്.സി കോളനി (402/19) | 433853 | 121827 |
| | 1111360 | കണ്ടാലപ്പറ്റ അരീക്കാട് നെല്ലിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ്. (406/19) | 0 | 1111360 |
| | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (88/19) | 0 | 200000 |
| | 50000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (എസ്.സി) (91/19) | 0 | 50000 |
| | 500000 | തൃക്കലങ്ങോട് -കൊടശ്ശേരിപ്പറ്റക്കുന്ന് എസ്.സി കോളനി റോഡ് (405/19) | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 500000 | നീലങ്ങോട് അങ്കണവാടി നിർമ്മാണം (309/19) | 500000 | 0 |
| | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (88/19) | 300000 | 0 |
| | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (എസ്.സി) (91/19) | 100000 | 0 |
| | 886600 | ലൈഫ് മിഷൻ എസ്.സി (84/19) | 560000 | 326600 |
| | 1153510 | ലൈഫ് മിഷൻ ജനറൽ (66/19) | 1153510 | 0 |
| | 500000 | പ്രതീക്ഷ സ്കൂൾ കെട്ടിടം (230/19) | 0 | 500000 |
| | 1000000 | പി.എച്ച്.സി യിൽ അമ്മമാർക്ക് മുലയൂട്ടൽ കേന്ദ്രവും സ്ത്രീകൾക്ക് വിശ്രമ മുറിയും (354/19) | 0 | 1000000 |
| | 500000 | ആമയൂർ സബ് സെന്ററിന് പുതിയ കെട്ടിടം (360/19) | 0 | 500000 |

| | | | | |
|---|---|---|---|---|
| | 1000000 | മരത്താണി-പൊയിലുള്ള കുളം നിർമ്മാണം (213/19) | 0 | 1000000 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ | ആനക്കോട്ട് പുറം സ്കൂൾ കുഴൽ കിണർ | Cheque No.3044449 dt 17/1/19 | 43600 | 23660 | പൂർത്തീകരിച്ചു. | 19940 |
| കെ.എസ്.ഇ.ബി | വെടിയം കുന്ന് കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | Bill No.21/18 -19 dt 28/12/18 | 43847 | 43847 | പൂർത്തീകരിച്ചു. | 0 |
| ഗ്രൗണ്ട് വാട്ടർ | ഊത്താലക്കണ്ടി അങ്കനവാടി കുഴൽ കിണർ | Cheque No.3044449 dt 17/1/19 | 43600 | 35795 | പൂർത്തീകരിച്ചു. | 7805 |
| കെ.എസ്.ഇ.ബി | ക്കുറകുന്ന് കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | Cheque No.808692 dt 7/3/19 | 108284 | 108284 | പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് പദ്ധതി ലൈൻ വലിക്കൽ | Bill No.12/18 -19 dt 29/10/18 | 1608340 | 1608340 | പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | Bill No.3/18 -19 dt 29/10/18 | 450524 | 450524 | പൂർത്തീകരിച്ചു. | 0 |
| ഗ്രൗണ്ട് വാട്ടർ | മേലെ മരത്താണി അങ്കനവാടി കുഴൽ കിണർ | Cheque No.3044471 dt 7/3/19 | 41450 | 0 | പൂർത്തീകരിച്ചു. (യു.സി ലഭിച്ചില്ല) | 41450 |
| കെ.എസ്.ഇ.ബി | കാരാട്ടുതൊടി കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | Bill No.8/18 -19 dt 30/08/18 | 68682 | 0 | പൂർത്തീകരിച്ചു. (യു.സി ലഭിച്ചില്ല) | 68682 |
| ഗ്രൗണ്ട് വാട്ടർ | ജി.യു.പി.എസ് എളങ്കൂർ കുഴൽ കിണർ | Cheque No.3044471 dt 7/3/19 | 46740 | 0 | പൂർത്തീകരിച്ചു. | 46740 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (യു.സി ലഭിച്ചില്ല) | |

## 4-4 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തി. | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി KURDFC | GO(MS)No. 68/2018/LSGD Dtd. 18/05/18 | 9203645 | 0 | 0 | 0 | 9203645 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2084853 |
| തൻ വർഷം നിക്ഷേപിച്ച തുക(പലിശ) | 151424 |
| ആകെ | 2236277 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല. |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2236277 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| ഫിക്സ്ഡ് ഡെപ്പോസിറ്റ് | 2236277 | ലഭ്യമാക്കിയിട്ടില്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 1300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-1(01) | 300 | ശ്രീ. ഷാനിർ .കെ , സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാ.പ. | 118010106260- /28-12-2018 |
| 2017-18 | 2-1(02) | 1000 | ശ്രീ. ഷാനിർ .കെ , സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാ.പ. | 118010106654- /16-01-2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ ഉൾപ്പെട്ടവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-4 | 2017 | 2-4 | തൊഴിൽ(സ്ഥാപന) നികുതി അടവാക്കാത്തത് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൃക്കലങ്ങോട്, ബി.എസ്.എൻ.എൽ തൃക്കലങ്ങോട് , വനിതാ സഹകരണ സംഘം എളങ്കൂർ ) ,<br><br>തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തത്.( പീസ് പബ്ലിക് സ്കൂൾ ,എക്സ്റ്റർ കോളേജ് ഓഫ് സയൻസ് ,ഇ.കെ.സി ഏറനാട് ക്നോളജ് സിറ്റി മഞ്ചേരി) | ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി, വനിതാ സഹകരണ സംഘം എളങ്കൂർ എന്ന സ്ഥാപനം പിഴയുൾപ്പടെ തുക ഈടാക്കി (റസീ.നം 118010104030 തി. 24/9/18)<br><br>10/12/16 ന് 11501103954,3955,3956,3957,3958 എന്നീ രശീതികൾ പ്രകാരം പിഴ സഹിതം തുക അടവാക്കി . |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല.

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2016-17 | 3-6. | ശ്രീ.കുഞ്ഞൻ ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പുലത്ത്. | KSAMPM5/1953/2017 | 75000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116439778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 115014240 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 277266 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 156872 | ജയറാം നായ്ക്കൻ ,സെക്രട്ടറി |
| 1-16 | 50000 | ജയറാം നായ്ക്കൻ ,സെക്രട്ടറി |
| 1-18 | 40394 | ജയറാം നായ്ക്കൻ ,സെക്രട്ടറി |
| 1-21 | 30000 | ശ്രീജ. ഹെഡ് മിസ്ട്രസ്സ്. |
| ആകെ | 277266 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം15/509/2000/23.10.10 | 2 |
| 1997-98 | എൽ എഫ് എം6/1359/07/23.10.10 | 33 |
| 1998-99 | എൽ എഫ് എം15/979/07 തീയതി 23-10-10 | 33 |
| 1999-00(വരവ്) | എൽ എഫ് എം 6/1779/07 തിയതി 23-10-10 | 8 |
| 2000-01(വരവ്) | എൽ എഫ് എം6/1780/07 തീ.തി 23.10.10 | 9 |
| 2001-02(വരവ് | എൽ എഫ് എം6/1781/07/23.10.10 | 11 |
| 1999-02(ചെലവ്) | എൽ എഫ് എം6/1537/07/23.10.10 | 60 |
| 2002-03 | എൽ എഫ് എം6/1782/07/23.10.10 | 15 |

| | | |
|---|---|---|
| 2003-04 | എൽ എഫ് എം6/1972/07/23.10.10(2) | 57 |
| 2004-05 | എൽ എഫ് എം6/1736/08/23.10.10 | 16 |
| 2005-06 | എൽ എഫ് എം6/1737/08/13.2.09 | 8 |
| 2006-07 | എൽ എഫ് എം6/1694/09/1.12.09 | 30 |
| 2007-08 | എൽ എഫ് എം8/1486/11/12.6.12 | 15 |
| 2008-09 | എൽ എഫ് എം8/1487/11/21-05-12 | 17 |
| 2009-10<br>2010-11 | എൽ എഫ് എം5/2432/13/15.7.14 | 12 |
| 2011-12<br>2012-13 | കെ എസ് എ എം പി എം5/914/15/31.7.17 | 26 |
| 2013-14<br>2014-15 | കെ എസ് എ എം പി എം 5/1579/16/22.6.17 | 26 |
| 2015-16 | കെ എസ് എ എം പി എം9/2242/18/06.03.19 | 18 |
| 2016-17 | കെ എസ് എ എം പി എം9/1385/2018/09.07.19 | 15 |
| 2017-18 | കെ എസ് എ എം പി എം9/2437/18/22.02.19 | 19 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.9/905/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 01/08/2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.